**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2595** **27-02-2023 - ൽ മറുപടിയ്ക്ക്**

**അനധികൃത വയറിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണരംഗത്ത് ഇലക്ട്രിക്കൽ പ്രവൃത്തി ചെയ്യുന്ന വ്യക്തികൾ ആവശ്യമായ ലൈസൻസ് ഇല്ലാതെ അനധികൃതമായി വയറിംഗ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് വേണ്ടി രൂപീകരിച്ച ജില്ലാതല സമിതികൾ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത വയറിംഗ് തടയുന്നതിനുള്ള ജില്ലാതല സമിതിയുടെ കാലാവധി കഴിഞ്ഞതിനാൽ അവ പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അനധികൃത വയറിംഗ് സംബന്ധിച്ച് രേഖാമൂലം ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിന് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്‌പെക്ടർ മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മതിയായ യോഗ്യതയില്ലാത്ത സിവിൽ കോൺട്രാക്ടർമാർ തന്നെ ഇലക്ട്രിക് വർക്കുകളുടെ കരാർ എടുക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | സിവിൽ കോൺട്രാക്ടർമാർക്ക് ടെൻഡർ ലഭിച്ചാലും വൈദ്യുതി സംബന്ധമായ ജോലികൾക്ക് ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടറെ തന്നെ നിയോഗിച്ചിരിക്കണം എന്ന വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കർശനമായി നിരീക്ഷിക്കുന്നുണ്ട്. |
| (സി) | സി ക്ലാസ് ലൈസൻസികൾക്ക് രണ്ട് വയർമാൻമാരെ നിയമിക്കുന്നതിന് അനുവാദം നൽകിയ തീരുമാനം നടപ്പിലാക്കുന്നതിൽ കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | 4.07.2019-ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് യോഗ തീരുമാനത്തിലാണ് 'സി' ക്ലാസ് ലൈസൻസികൾക്ക് രണ്ട് വയർമാന്മാരെ നിയമിക്കുന്നതിനുള്ള അനുവാദം നൽകിയത്. എന്നാൽ 02.07.2020 തീയതിയിൽ നിലവിൽ വന്ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് റൂൾ 2020-ൽ 'സി' ക്ലാസ് കോൺട്രാക്ടർ ലൈസൻസിൽ രണ്ട് വയർമാന്മാരെ നിയമിക്കുന്നതിന് വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ